(എ) സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന ആയൂർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ ഇപ്പോൾ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ ആയൂർവേദ മരുന്നുകൾക്ക് ഗുണനിലവാരം ഉറപ്പു വരുത്താൻ ആവശ്യമായ നിയമനിർമ്മാണം നടത്തുമോ;

(സി) ആയൂർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്ക് അധികാരം നൽകുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. പണ്ടുമുഖദാസ്) :

(എ)-(സി) കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിൽ ആയൂർവേദ മരുന്നുകൾക്ക് ആൾക്കഹോൾ പരിധി ഒഴികെ മറ്റ് ഗുണനിലവാര മാനദണ്ഡങ്ങളൊന്നും നിർദ്ദേശിച്ചിട്ടില്ല. മരുന്നുകളിൽ രാസവസ്തുക്കളോ സ്റ്റിറോയിഡുകളോ അടങ്ങിയിട്ടുണ്ടോ എന്ന് കണ്ടുപിടിക്കാൻ ആവശ്യമായ സംവിധാനം തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ നിലവിലുണ്ട്. ഈ ലാബോറട്ടറി ഡ്രഗ്സ് കൺട്രോളറുടെ കീഴിലാണ്. കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റികസ് നിയമത്തിൽ ഭേദഗതി വരുത്തുന്നത് സങ്കീർണ്ണമായ നടപടിക്രമമാണ്. ലാബോറട്ടറി പരിശോധന വഴി ഓരോ മരുന്നിലും അടങ്ങിയിട്ടുള്ള വിവിധ ഘടകങ്ങൾ തിരിച്ചറിയുവാനും അളവ് തിട്ടപ്പെടുത്തുവാനും വേണ്ട സാങ്കേതിക വിദ്യ ലഭ്യമല്ലാത്തതിനാലാണ് ഇപ്പോൾ നിയമവ്യവസ്ഥ ഇല്ലാത്തത്.

ഇൻഫർമേഷൻ ടെക്നോളജി

30 (*30)ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ സി.കെ. രാജേന്ദ്രൻ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി വികസിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കമ്പ്യൂട്ടർ ശൃംഖല വ്യാപകമാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് ഓരോ വകുപ്പിലും സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് സ്കൂൾ ആരംഭിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) പ്രസ്തുത സ്കൂൾ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കും എന്ന് അറിയിക്കുമോ;

(ഇ) ഇൻഫർമേഷൻ ടെക്നോളജികൊണ്ട് എന്തൊക്കെ പ്രയോജനങ്ങൾ ലഭിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്; ഇതുമൂലം എന്തെല്ലാം വിവരങ്ങളാണ് ജനങ്ങളിൽ എത്തിക്കാൻ കഴിയുന്നതെന്ന് വ്യക്തമാകുമോ?

883/2010.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ഇ.കെ. നായനാർ) :

(എ) 28-5-1999ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം:83/99/ ഐ.ഡി. പ്രകാരം സർക്കാർ ഒരു ഇൻഫർമേഷൻ ടെക്നോളജി നയം പ്രഖ്യാപിച്ചിട്ടുണ്ട്. നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള വിവിധ പരിപാടികൾ ഫലപ്രദമായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുവാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതാധികാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവര വിനിമയ സാങ്കേതികത നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസമേഖലയിലും വ്യവസായരംഗത്തും സർക്കാർ തലത്തിലും സ്വീകരിക്കേണ്ടതായ നടപടി ക്രമങ്ങൾ പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രസ്തുത മൂന്നു മേഖലകളിലും ഓരോ കർമ്മസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ സർക്കാർ തലത്തിൽ നിയോഗിക്കപ്പെട്ട സമിതി റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇൻഫർമേഷൻ ടെക്നോളജി നയം നടപ്പിലാക്കുന്നതിനായി സെക്രട്ടേറിയറ്റ് തലത്തിൽ ഒരു ഐ.ടി. വകുപ്പും പ്രസ്തുത വകുപ്പിനെ സഹായിക്കുവാൻ മിഷൻ ഓൺ ഇൻഫർമേഷൻ ടെക്നോളജി എന്ന പേരിൽ ഒരു സാങ്കേതിക ടീമും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മിഷന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. വിവിധ വകുപ്പുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ഓരോ വകുപ്പിലും വകുപ്പുതല കർമ്മസമിതികൾ രൂപീകരിക്കുകയും പ്രസ്തുത സമിതികളുടെ പ്രതിനിധികൾക്ക് പരിശീലനം നൽകിവരുകയും ചെയ്യുന്നു. കമ്പ്യൂട്ടറൈസേഷൻ നടപ്പിൽ വരുത്തുന്നതിന് വകുപ്പുകൾക്ക് ഉപദേശം നൽകുന്നതിനും നേരിട്ടേക്കാവുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും ഇതര സംസ്ഥാന ഏജൻസികളുമടങ്ങുന്ന പതിനൊന്നു സ്ഥാപനങ്ങളെ പ്രശ്നപരിഹാര ഏജൻസികളായി അംഗീകരിച്ചുത്തരവായിട്ടുണ്ട്. സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ എളുപ്പത്തിൽ പൊതുജനങ്ങൾക്കു ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ വിശദാംശം ഉൾക്കൊള്ളിച്ച് ഒരു വെബ്സൈറ്റ് രൂപീകരിച്ചു വരുന്നു.

(ബി) പോലീസ് വകുപ്പൊഴികെയുള്ള സംസ്ഥാനത്തെ എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി ഒരു പൊതുവിവരവിനിമയശൃംഖല രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി ട്രഷറി കമ്പ്യൂട്ടറൈസേഷൻ പ്രോജക്ട് തുടങ്ങി കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ ട്രഷറികളും ബന്ധിപ്പിച്ചുള്ള കമ്പ്യൂട്ടർ ശൃംഖലയിൽ തിരുവനന്തപുരം പത്തനംതിട്ട, കാട്ടാക്കട എന്നീ ജില്ലാ ട്രഷറികളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചുകഴിഞ്ഞു. ഉദ്യോഗസ്ഥരുടെ പരിശീലനം ഘട്ടംഘട്ടമായിനടന്നുവരുന്നു. സെക്രട്ടേറിയറ്റ്, സെക്രട്ടേറിയറ്റ് അനക്സ്, വികാസ് ഭവൻ, റവന്യൂബോർഡ് എന്നീ ആഫീസ് സമുച്ചയങ്ങളെ ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കാൻ ഉള്ള പദ്ധതിക്ക് കേബിളിംഗ് നടത്താനുള്ള ജോലി ആരംഭിച്ചുകഴിഞ്ഞു. ഇതിനോടനുബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. ഇൻഫർമേഷൻ ടെക്നോളജി നൽകുന്ന നൂതനമായ സാങ്കേതികവിദ്യ ഉപയോഗിച്ച് വികസനരംഗത്തെ വിവരങ്ങൾ പൂർണ്ണമായും വളരെ വേഗത്തിലും ഗ്രാമീണജനങ്ങൾക്ക് എത്തിക്കുക എന്ന മുഖ്യലക്ഷ്യത്തോടെ ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് കേന്ദ്രങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ബന്ധിപ്പിച്ചുകൊണ്ടാണ് കമ്പ്യൂട്ടർ ശൃംഖലക്ക് (ആർ.ഡി.നെറ്റ്) രൂപം നൽകിയിട്ടുള്ളത്. ഇത് ഗ്രാമ വികസന വകുപ്പിലെ ബ്ലോക്ക്, ഡി.ആർ.ഡി.എ. കമ്പ്യൂട്ടറുകളെ ഗ്രാമവികസന കമ്മീഷണറാഫീസിലെ കമ്പ്യൂട്ടർ ഡിവിഷനുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ശൃംഖലയാണ്.

(സി) ഭരണാനുമതി നൽകി കഴിഞ്ഞ സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിലാണ്. പ്രസ്തുത സ്കൂളിന്റെ ഒന്നാംഘട്ടം അടുത്ത അദ്ധ്യയനവർഷം തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ഇന്ത്യാ ഗവൺമെന്റിന്റെ മാനവശേഷി വികസന മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള ഒരു ഏജൻസിയായ എജ്യൂക്കേഷൻ കൺസൾട്ടൻസ് ഓഫ് ഇന്ത്യാ ലിമിറ്റഡിനെ 1.10.1999 ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം: 139/99/ഐ.ടി.ഡി.പ്രകാരം കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. സ്കൂൾ പ്രവർത്തനക്ഷമമാക്കുന്നതിന്റെ മുന്നോടിയായി വ്യവസായ/വിദ്യാഭ്യാസരംഗത്തെ വിദഗ്ധരുമായി ചർച്ച നടത്തികഴിഞ്ഞു. സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടി രൂപീകരിക്കുന്ന കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ അംഗീകരിക്കുക, ഇടക്കാലകാമ്പസിന്റെ ഡിസൈൻ അംഗീകരിക്കുക ആർക്കിടെക്ടിനെ നിയമിച്ച് കരാർ ഉറപ്പിക്കുക, ഇടക്കാല കാമ്പസിന്റെ പദ്ധതി ചെലവ് അംഗീകരിക്കുക, അക്കാദമിക് അഡ്വൈസറി കൗൺസിൽ രൂപീകരിക്കുക തുടങ്ങിയവയ്ക്കും, ഇവയ്ക്കുണ്ടാകുന്ന പ്രാഥമികവും സാന്ദർഭികവുമായ ചെലവുകൾ വഹിക്കുന്നതിനും സ്കൂൾ സ്ഥാപിക്കുന്നതിന്റെ നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സിക്ക് അധികാരം കൈമാറിയിട്ടുണ്ട്. ഈ ആവശ്യത്തിനായി 3 കോടി രൂപാ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഡി) സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് (സിറ്റ്മാ)ന്റെ ഒന്നാംഘട്ടപ്രവർത്തനം 2000-2001 അദ്ധ്യയനവർഷം ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഇ) സംസ്ഥാനത്ത് വിവര സാങ്കേതിക വിദ്യ നടപ്പിലാകുമ്പോൾ ഭരണസംവിധാനം സുതാര്യവും ഉൽപ്പാദനപരവും ആയിരിക്കുമെന്നും കണക്കാക്കുന്നു. സർക്കാർ സേവനമേഖലകൾ പൊതുജനങ്ങളിലേക്ക് വേഗത്തിലും മെച്ചപ്പെട്ട രീതിയിലും എത്തിക്കുവാൻ കഴിയും. ഇതുമൂലം അഴിമതി രഹിത ഭരണം പ്രദാനം ചെയ്യാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ട്. കൂടാതെ ഐ.ടി. വ്യവസായ വികസനം വഴി സാമ്പത്തിക വികസനം ത്വരിതപ്പെടുത്താനും എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിത നിലവാരംമെച്ചപ്പെടുത്താനും കഴിയും.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിസഭാംഗങ്ങളുടെ ടി.എ., ടെലിഫോൺ ചാർജ്ജ് തുടങ്ങിയവയ്ക്ക് ചെലവായ തുക

1 (1)ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. എം.കെ. മുനീർ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly